# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **159/2026** തിരുവനന്തപുരം, തീയതി : **29/07/2026**

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠന കേന്ദ്രങ്ങളിൽ (യു.ഐ.എം ആലപ്പുഴ, പുനലൂർ, അടൂർ, വർക്കല, കൊല്ലം, ഐ.സി.എം പൂജപ്പുര) എംബിഎ ഫുൾടൈം കോഴ്സിലേക്കുള്ള 2026-27 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ, 2026 ആഗസ്റ്റ് 1 ന് 10.30 a.m മുതൽ 04.30 p.m. വരെ അതാത് യു.ഐ.എം കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംസിഎ (റെഗുലർ - 2024 അഡ്മിഷൻ - 2024 സ്കീം, സപ്ലിമെന്ററി – 2022 & 2023 അഡ്മിഷൻ - 2020 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം - മേഴ്സിചാൻസ് - 2018, 2019 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം - സപ്ലിമെന്ററി - 2020 അഡ്മിഷൻ, മേഴ്സിചാൻസ് - 2018, 2019 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എംഎ പബ്ലിക് അഡ്മിനിസ്ട്രേഷൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021, 2022 അഡ്മിഷൻ & മേഴ്സിചാൻസ് – 2017 – 2020 അഡ്മിഷൻ വരെ) ജനുവരി 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2026 ആഗസ്റ്റ് 05 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച (2025 അഡ്മിഷൻ) റെഗുലർ വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി. കോളേജ്, ചേർത്തല എസ്.എൻ. കോളേജ്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നീ കോളേജുകളിലും (2024 അഡ്മിഷൻ) ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലും, യു.ഐ.ടി. ആലപ്പുഴയിലും, സപ്ലിമെന്ററി വിദ്യാർത്ഥികൾ യു.ഐ.ടി. ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്.

കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ. കോളേജിലും പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൾസ് കോളേജിലും, തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികൾ വഴുതയ്ക്കാട് ഗവൺമെന്റ് വിമൻസ് കോളേജിലും, റെഗുലർ, ഇംപ്രൂവ്മെന്റ് ആൺകുട്ടികളും സപ്ലിമെന്ററി എഴുതുന്ന ആൺകുട്ടികളും പെൺകുട്ടികളും കേശവദാസപുരം എം.ജി. കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

ഹാൾടിക്കറ്റുകൾ മേൽവിവരിച്ച പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും 2026 ജൂലൈ 30 മുതൽ ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് 0471 2386406 എന്ന നമ്പരിലോ **ed1@keralauniversity.ac.in** എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**